**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 173 07-08-2017 ൽ മറുപടിയ്ക്ക്

## കള്ളിക്കാട് ഫയർ സ്റ്റേഷന്റെ അടിസ്ഥാന സൗകര്യ വികസനം

| ചോദ്യം<br>**ശ്രീ.സി.കെ.ഹരീന്ദ്രൻ** | മറുപടി<br>**ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി)** |
|---|---|
| എ) പാറശ്ശാല നിയോജക മണ്ഡലത്തിലെ കള്ളിക്കാട് ഫയർ സ്റ്റേഷൻ അടിസ്ഥാന സൗകര്യങ്ങൾ തീരെയില്ലാത്ത സ്ഥലത്താണ് പ്രവ്യത്തിക്കുന്നത് എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കള്ളിക്കാട് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് താൽക്കാലികമായി പ്രവർത്തിക്കുന്ന നെയ്യാർഡാം (കള്ളിക്കാട്) ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷന് വേണ്ടി അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിന് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചു വരികയാണ്. |
| ബി) പഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ ഫയർ സ്റ്റേഷന് പുതിയ ഒരു ഫയർ എക്സ്റ്റിംഗിഷർ വാഹനവും, സ്റ്റേഷനിലെ അടിസ്ഥാന സൗകര്യ വികസനത്തിനു വേണ്ടിയുള്ള ഫണ്ടും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ? | ബി) വാർഷിക പദ്ധതി വിഹിതമുപയോഗിച്ച് മതിയായ അഗ്നിശമന രക്ഷാ വാഹനങ്ങൾ വകുപ്പിൽ വാങ്ങുന്ന മുറയ്ക്ക് അനുയോജ്യമായ വാഹനം അനുവദിക്കുന്നതിന് നെയ്യാർഡാം (കള്ളിക്കാട്) നിലയത്തെയും പരിഗണിക്കുന്നതാണ്. സ്ഥിരം കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടുത്തി നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ